## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6769** **11-07-2024 - ൽ മറുപടിയ്ക്ക്**

### മംഗലം ഇറിഗേഷൻ പ്രൊജക്ടിന്റെ ഭാഗമായ ക്ലലി ക്വാർട്ടേഴ്സിലുള്ളവർക്ക് പട്ടയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ മംഗലം ഇറിഗേഷൻ പ്രൊജക്ടിന്റെ ഭാഗമായ ക്ലലി ക്വാർട്ടേഴ്സിൽ നാല്പത് വർഷത്തിലധികമായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വിശദമാക്കാമോ? | (എ) | പാലക്കാട് ജില്ല ആലത്തൂർ താലൂക്ക് മംഗലം ഡാം വില്ലേജ് ബ്ലോക്ക് നമ്പർ 50, റീസർവ്വെ നമ്പർ 1/1 ൽ ഉൾപ്പെട്ട സ്ഥലത്ത് 50 വർഷങ്ങളായി ഇരുപത്തഞ്ചോളം കുടുംബങ്ങൾ വീട് വെച്ച് താമസിച്ചുവരുന്നവരാണ്. ടി വഹകൾ മുൻ കാലത്ത് മംഗലം ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ ഘട്ടത്തിൽ നിർമ്മാണത്തിനായി വന്ന ക്ലലി തൊഴിലാളികൾക്കായി അനുവദിച്ച PWD ഇറിഗേഷൻ വക ക്വാർട്ടേഴ്സ് ആയിരുന്നു. എന്നാൽ ടി തൊഴിലാളികൾ ക്വാർട്ടേഴ്സ് ഒഴിഞ്ഞ് പോയപ്പോൾ നിർദ്ധനരായ തദ്ദേശ വാസികളായ 20തോളം കുടുംബങ്ങൾ ടി ക്വാർട്ടേഴ്സ് കൈയ്യേറി 50 വർഷത്തോളമായി താമസിച്ചു വരുന്നതായാണ് അറിയാൻ കഴിഞ്ഞത്. ടി കുടുംബങ്ങൾക്ക് പഞ്ചായത്തിന്റെ വാട്ടർ കണക്ഷൻ, കെ.എസ്.ഇ.ബി. കണക്ഷൻ എന്നിവ ലഭ്യമായിട്ടുണ്ട്. ടി ക്വാർട്ടേഴ്സ് കാലപ്പഴക്കം മൂലം ജീർണ്ണിച്ച് താമസയോഗ്യമല്ലാതായിട്ടുള്ളതാണ്. പിന്നീട് നിലവിലെ താമസക്കാരായ അപേക്ഷകർ പ്രസ്തുത ക്വാർട്ടേഴ്സുകളിൽ ചെറിയ ചെറിയ മാറ്റങ്ങൾ വരുത്തി താമസിച്ചുവരുകയും ചെയ്യുന്നു. നിലവിൽ ഇവർ ആരും തന്നെ ഇറിഗേഷൻ വകുപ്പിന് വാടക നൽകുന്നില്ലെന്നറിയുന്നു.<br><br>റീസർവ്വെ നമ്പർ 1/1 എന്നത് വില്ലേജിലെ ബി.ടി.ആർ. പ്രകാരം PWD പുറമ്പോക്ക് മംഗലം ഡാം ജിലസംഭരണി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ വിസ്തീർണ്ണം 404 ഹെക്ടർ ആണ്. ടി സ്ഥലം പരിശോധന നടത്തിയതിൽ ഈ ഭാഗത്ത് വെള്ളം കയറാൻ സാധ്യതയില്ലാത്തതാണ്.<br><br>ടി സ്ഥലം നിലവിലെ കൈവശക്കാർക്ക് പതിച്ചു നല്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്. നിരാക്ഷേപ പത്രം ലഭിച്ചാൽ മാത്രമേ |

| | | | |
|---|---|---|---|
| | | | അർഹരായവർക്ക് ഭൂമി പതിച്ച നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ